# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്തചോദ്യം നം. 3520** — **15.07.2015-ൽ മറുപടി.**

## സ്പോർട്സ് മെഡിസിൻ യൂണിറ്റിലെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പ്രദീപ്കുമാർ | ശ്രീ. വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് മെഡിക്കൽ കോളേജിലെ സ്പോർട്സ് മെഡിസിൻ യൂണിറ്റിലെ നിലവിലുള്ള പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ ഡിപ്പാർട്ട്മെന്റിനു കീഴിലാണ് സ്പോർട്സ് മെഡിസിൻ യൂണിറ്റ് പ്രവർത്തിക്കുന്നത്.<br>പ്രസ്തുത യൂണിറ്റിന്റെ പ്രധാന പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്.<br>1. ഞായറാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ സ്പോർട്സ് മെഡിസിൻ ഒ.പി വിഭാഗം പ്രവർത്തിക്കുന്നു.<br>(i). കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിൽ നിന്നുള്ളവർ പ്രസ്തുത ഒ.പി. പ്രയോജനപ്പെടുത്തുന്നുണ്ട്.<br>(ii). സായ് ട്രെയിനിംഗ് സെന്റർ (SAI) കോഴിക്കോട്, കേരള സ്പോർട്സ് കൗൺസിൽ, ഫറൂഖ് കോളേജ്, കോഴിക്കോട്, എസ്.എൻ കോളേജ്, ചേലന്നൂർ, ഗവൺമെന്റ് ആർട്സ് കോളേജ്, മീഞ്ചന്ത, പ്രൊവിഡൻസ് കോളേജ്, കോഴിക്കോട്, യൂണിവേഴ്സിറ്റി ക്യാമ്പസ്, ഗവൺമെന്റ് കോളേജ് ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ ഈസ്റ്റ് ഹിൽ, കോഴിക്കോട്, മെഡിക്കൽ കോളേജിൽ തന്നെയുള്ള വിവിധ സ്പോർട്സ് ടീമുകൾ എന്നിവയ്ക്ക് പ്രസ്തുത ഒ.പിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്.<br>കൂടാതെ ഭിന്നശേഷിയുള്ള അത്‌ലറ്റുകളും ആർമി പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നവരും പ്രസ്തുത ഒ.പി പ്രയോജനപ്പെടുത്തുന്നുണ്ട്. |

2. കേരള ഫുട്ബോൾ ട്രെയിനിംഗ് ക്യാമ്പ് കോഴിക്കോട് ലോക്കൽ സ്കൂൾ ടീമുകൾ, കോഴിക്കോട് മെഡിക്കൽ കോളേജ് ടേബിൾ ടെന്നീസ് ടീം എന്നിവയ്ക്ക് ഫിസിക്കൽ ഫിറ്റ്നസ് ഇവാല്യുവേഷൻ നടത്തിനൽകുന്നു.

3. അക്കാഡമിക്

(i) ജൂലൈ 2013 മുതൽ എല്ലാ വ്യാഴാഴ്ചയും ഉച്ചയ്ക്കുശേഷം ടോപ്പിക് പ്രസന്റേഷൻ

(ii) ആഗസ്ത് 2014 മുതൽ എല്ലാ ആഴ്ചയിലും സ്പോർട്സ് മെഡിസിൻ വിഭാഗം ഫിസിഷ്യൻ നയിക്കുന്ന ക്ലാസ്സുകൾ

(iii) ആഗസ്ത് 2014 മുതൽ എല്ലാ ആഴ്ചയിലും പി.എം.ആർ വിഭാഗത്തിലെ ജൂനിയർ റസിഡൻസിനായി തിയറി പരീക്ഷകൾ നടത്തിവരുന്നു.

**(ബി) പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്ന ഘട്ടത്തിൽ വിഭാവനം ചെയ്ത പദ്ധതികളിൽ പലതും ഇപ്പോഴും നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?**

(ബി) കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ പി.എം.ആർ വിഭാഗത്തിലെ ലഭ്യമായ അദ്ധ്യാപകരുടേയും ജീവനക്കാരുടേയും സേവനം പ്രയോജനപ്പെടുത്തിയാണ് പ്രസ്തുത സ്പോർട്സ് മെഡിസിൻ യൂണിറ്റ് പ്രവർത്തിക്കുന്നത്. സ്പോർട്സ് മെഡിസിൻ യൂണിറ്റ് കൂടുതൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും യഥാസമയം സ്വീകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ